**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 231** **07-10-2025 - ൽ മറുപടിയ്ക്ക്**

**ഭൂഗർഭ ജലചൂഷണം ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുഴൽ കിണറുകളുടെ എണ്ണം വൻതോതിൽ വർദ്ധിച്ചു വരുന്നത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് കുഴൽ കിണറുകളുടെ എണ്ണം വൻതോതിൽ വർദ്ധിച്ചു വരുന്നത് പരിശോധനാ വിധേയമാക്കിയിട്ടില്ല. എന്നാൽ ലഭിക്കുന്ന അപേക്ഷകളിൽ ശാസ്ത്രീയമായ ഭൂജല പര്യവേഷണം നടത്തുകയും, കുഴൽ കിണർ നിർമ്മാണത്തിനായി സമീപിക്കുന്ന വ്യക്തികൾക്ക് ഏതൊരാവശ്യത്തിനും വകുപ്പ് മുഖേന കുഴൽ കിണർ നിർമ്മിച്ചു നൽകുകയും ചെയ്യുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2025 ആഗസ്റ്റ് മാസം വരെ 6084 കുഴൽ കിണർ നിർമ്മാണം വകുപ്പിന്റെ റിഗ്ഗുകൾ ഉപയോഗിച്ച് നടത്തിയിട്ടുണ്ട്. മറ്റ് ജലസ്രോതസ്സുകളൊന്നും ഇല്ലാത്ത പ്രദേശങ്ങളിൽ കുടിവെള്ളത്തിനും കാർഷികാവശ്യത്തിനും കുടിവെള്ള വിതരണ പദ്ധതികൾക്കുമാണ് ജലസ്രോതസ്സായി പ്രധാനമായും കുഴൽക്കിണറുകൾ നിർമ്മിക്കുന്നത്. സംസ്ഥാനത്തെ തെരഞ്ഞെടുത്ത ബ്ലോക്കുകളിൽ ജലസ്രോതസ്സുകളുടെ വിവരശേഖരണം (കുഴൽക്കിണറുകൾ ഉൾപ്പെടെ) "വെൽ സെൻസസ് പ്രോഗ്രാം" കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടമായി 93 ബ്ലോക്കുകളിലെ 563 പഞ്ചായത്തുകളിൽ ആരംഭിച്ചു. കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആൻഡ് എൻവിയോൺമെന്റ് സെന്റർ (KSREC) -ന്റെ സഹായത്തോടെ വികസിപ്പിച്ചെടുത്ത "നീരറിവ്" എന്ന മൊബൈൽ ആപ്പ് ഉപയോഗിച്ച് കുടുംബശ്രീ മിഷൻ മുഖേനയാണ് എല്ലാ ഭൂജല നിർമ്മിതികളുടെയും വിവരങ്ങൾ ശേഖരിക്കുന്നത്. 331 പഞ്ചായത്തുകളിൽ പൂർണമായും 232 പഞ്ചായത്തുകളിൽ ഭാഗികമായും വിവര ശേഖരണം നിലവിൽ പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ്, 2002 ഫലപ്രദമായി നടപ്പിലാക്കാൻ | (ബി) | കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ്, 2002 ഒരു പരിധി വരെ ഫലപ്രദമായി |

| | | | |
|---|---|---|---|
| | കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | | നടപ്പിലാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. കേരള സംസ്ഥാനത്ത് ഭൂജലം സംരക്ഷിക്കുന്നതിനും, അതിന്റെ ചൂഷണം, ഉപയോഗം എന്നിവ ക്രമീകരിച്ച ഭൂജല വികസനം ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമാണ് ടി ആക്റ്റ് വ്യവസ്ഥ ചെയ്യുന്നത്. കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ്, 2002 ഫലപ്രദമായി നടപ്പിലാക്കുന്നതിനായി ആക്റ്റിലെ സെക്ഷൻ 3 പ്രകാരം സംസ്ഥാന ഭൂജല അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. സുസ്ഥിര ഭൂജല വിഭവ ശേഷി ഉറപ്പ വരുത്തുന്നതിനുള്ള ഭൂജല സംരക്ഷണ പ്രവർത്തനങ്ങളും, അനധികൃത ഭൂജല ചൂഷണ/ ഭൂജലവികസനങ്ങൾ ക്രമീകരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ, ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കൽ എന്നീ പ്രവർത്തനങ്ങൾ വകുപ്പ് നടപ്പിലാക്കി വരുന്നു. |
| (സി) | കുഴൽ കിണറുകളുടെ നിർമ്മാണം നിയന്ത്രിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് അറിയിക്കാമോ; | (സി) | 2002 ലെ കേരള ഭൂജല (നിയന്ത്രണവും, ക്രമീകരണവും) ആക്റ്റിന്റെ 21-ാം വകുപ്പ് പ്രകാരം കിണറുകളുടെ നിയമാനുസൃതമല്ലാത്ത കുഴിക്കലിനും, നിർമ്മാണത്തിനും ശിക്ഷിക്കുന്നതിനുള്ള വ്യവസ്ഥ ഏർപ്പെടുത്തിയിട്ടുണ്ട്. സ്വകാര്യ കുഴൽ കിണർ നിർമ്മാണം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സ്വകാര്യ റിഗ്ഗുകൾ/ഏജൻസികൾക്ക് സർക്കാർ ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ (ചിറ്റൂർ, മലമ്പുഴ, കാസർഗോഡ് ബ്ലോക്കുകൾ) പുതിയ കുഴൽ കിണർ നിർമ്മാണത്തിനും, പമ്പിങ് കിണറായി പരിവർത്തനം ചെയ്യുന്നതിനും സംസ്ഥാന ഭൂജല അതോറിറ്റിയുടെ പെർമിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ ശാസ്ത്രീയമായ കുഴൽ കിണർ നിർമ്മാണം ഉറപ്പ വരുത്തുന്നതിനായി കേരള പഞ്ചായത്ത് / മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടം അനുസരിച്ച് കുഴൽ കിണർ നിർമ്മാണത്തിന് ഭൂജല വകുപ്പിന്റെ അനുമതിയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുമുള്ള പെർമിറ്റ് സംസ്ഥാനത്ത് നിയമവിധേയമാക്കിയിട്ടുണ്ട്. |
| (ഡി) | അമിതമായ ഭൂഗർഭ ജലചൂഷണം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | അമിതമായ ഭൂജല ചൂഷണം ഒഴിവാക്കുന്നതിനായി 2002 ലെ കേരള ഭൂജല (ക്രമീകരണവും നിയന്ത്രണവും) ആക്റ്റ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ച വരുന്നു. സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ (ചിറ്റൂർ, മലമ്പുഴ, കാസർഗോഡ് ബ്ലോക്കുകൾ) പുതിയ കുഴൽ കിണർ നിർമ്മാണത്തിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ പെർമിറ്റും, പമ്പിംഗ് കിണറായി പരിവർത്തനം |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിന് പരിവർത്തന പെർമിറ്റും നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ ശാസ്ത്രീയ കുഴൽ കിണർ നിർമ്മാണം ഉറപ്പ് വരുത്തുന്നതിനായി കേരള പഞ്ചായത്ത് / മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടം അനുസരിച്ച് കുഴൽ കിണർ നിർമ്മാണത്തിന് ഭൂജല വകുപ്പിന്റെ അനുമതിയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുമുള്ള പെർമിറ്റ് സംസ്ഥാനത്ത് നിയമവിധേയമാക്കിയിട്ടുണ്ട്. CRZ പരിധിയിൽ വരുന്ന മേഖലകളിലും കുഴൽ കിണർ നിർമ്മാണത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അനിയന്ത്രിതവും അശാസ്ത്രീയവുമായ കുഴൽ കിണർ നിർമ്മാണം നിയന്ത്രിക്കുന്നതിനായി സ്വകാര്യ റിഗ്ഗുകളുടെ രജിസ്ട്രേഷൻ 2015 മുതൽ നടപ്പിലാക്കി വരുന്നു. ശാസ്ത്രീയ ഭൂജല വികസനം ഉറപ്പ് വരുത്തുന്നതിനായി വ്യാവസായിക അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ ഭൂജല ഉപയോഗത്തിന് ശാസ്ത്രീയ പരിശോധനകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന ഭൂജല അതോറിറ്റി നിരാക്ഷേപപത്രം നൽകി വരുന്നു. കൂടാതെ ഭൂജല സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും, സംരക്ഷണ രീതികളെക്കുറിച്ചും ജനങ്ങളെ ബോധവൽകരിക്കുന്നതിനും ഭൂജല സംരക്ഷണം, സംപോഷണം എന്നീ തലങ്ങളിൽ ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി ഭൂജല നിയന്ത്രണവും ക്രമീകരണവും പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ബോധവൽക്കരണ സെമിനാറുകൾ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ